പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2053**

**11.06.2018 ൽ
മറുപടിയ്ക്ക്**

**അതിവേഗ പ്രത്യേക ശിശുസൗഹൃദ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര കേസുകളാണ് പോക്സോ നിയമത്തിന്റെ കീഴിൽ വിചാരണ കാത്ത് കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 31.05.2018 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 5674 കേസുകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്. |
| (ബി) ജില്ലകളിൽ മജിസ്ട്രേട്ട് കോടതിയിൽ,സാധാരണ കേസുകളുടെ വിചാരണയോടൊപ്പമാണ് ഇത്തരം കേസുകൾ പരിഗണിക്കുന്നത് എന്നത് കാലതാമസമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്പെഷ്യൽ കോടതികളിലാണ് ഇത്തരം കേസുകൾ വിചാരണ ചെയ്യുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളത്തെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ പോക്സോ ആക്ട് പ്രകാരമുള്ള സ്പെഷ്യൽ കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കുള്ള കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് 11 ജില്ലകളിലെ I-ാം അഡീഷണൽ |

ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കായുള്ള കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ ചെറിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വിചാരണ വേഗത്തിലാക്കുന്ന കാര്യം ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

സംസ്ഥാനത്ത് കുറ്റപത്രം നൽകിയ ശേഷം 6 വർഷത്തിലധികമായി വിചാരണ ആരംഭിച്ച് തീർപ്പാക്കാത്ത ചുരുക്കം കേസുകൾ മാത്രമേ നിലവിലുള്ളൂ.

(സി) എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) എല്ലാ ജില്ലകളിലും ഇപ്പോൾ തന്നെ പോക്സോ കേസുകൾ വിചാരണ ചെയ്യുന്നതിനായി നിയമപ്രകാരം വിജ്ഞാപനം ചെയ്ത കോടതികൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ